**നം.ഇ.എക്സ്.എ7/35869/2025/സി.ജി.ഇ.**

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം.തീയതി: 15.05.2026

# സർക്കുലർ

വിഷയം:- പരീക്ഷാഭവൻ-ഡി.എൽ.എഡ് (അറബിക്/ ഹിന്ദി/സംസ്കൃതം/ഉറുദു) നവംബർ 2025 - രണ്ട്, നാല് സെമസ്റ്റർ പരീക്ഷകളുടെ **പുനർ മൂല്യനിർണ്ണയം/സ്ക്രൂട്ടിണി അപേക്ഷ**- സംബന്ധിച്ച്

സൂചന:- 09/10/2025 ലെ ഇ.എക്സ്.എച്ച് (1)/34256/2025/സി.ജി.ഇ നമ്പർ വിജ്ഞാപനം.

നവംബർ 2025 ഡി.എൽ.എഡ് (അറബിക്/ ഹിന്ദി/സംസ്കൃതം/ഉറുദു) രണ്ട്, നാല് സെമസ്റ്റർ പരീക്ഷകളുടെ ഉത്തരക്കടലാസ് **പുനർമൂല്യനിർണ്ണയം/സ്ക്രൂട്ടിണി** എന്നിവയ്ക്കുള്ള അപേക്ഷകൾ **20/05/2026** മുതൽ **26/05/2026** വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

അപേക്ഷിക്കേണ്ട രീതി ചുവടെ ചേർക്കുന്നു. **www.deledexam.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രവേശിച്ച് **D.El.Ed Language November 2025 Second/Fourth Semester Revaluation/Scrutiny Application** എന്ന **Link Click** ചെയ്ത് **Register Number, Date of Birth** എന്നിവ നൽകി **പുനർമൂല്യനിർണ്ണയത്തിന്/സ്ക്രൂട്ടിണിക്ക്** അപേക്ഷിക്കാവുന്നതാണ്.

**Register Number, Date of Birth** എന്നിവ നൽകിയാൽ **Open** ആകുന്ന **Window** യിൽ നിന്നും യഥാക്രമം **Revaluation/Scrutiny** എന്നിവയ്ക്ക് നേരേ കാണുന്ന **Check Box-ൽ Click** ചെയ്ത് **Submit** ചെയ്യാവുന്നതും തുടർന്ന് തിരുത്തലുകൾ ആവശ്യമെങ്കിൽ **Edit/Print Button Click** ചെയ്ത് മാറ്റം ആവശ്യമെങ്കിൽ വരുത്തിയശേഷം **Final Submit** ചെയ്യാവുന്നതുമാണ്. **Final Submission** കഴിഞ്ഞാൽ അപേക്ഷയുടെ **Print** എടുത്ത് ബന്ധപ്പെട്ട **DIET/ITE Principal** മാർക്ക് നിശ്ചിത ഫീസ് സഹിതം സമർപ്പിക്കേണ്ടതാണ്.

പുനർമൂല്യനിർണ്ണയത്തിന് **Online** ആയി അപേക്ഷിച്ച് ലഭിച്ച **Printout** കൾ ബന്ധപ്പെട്ട **DIET/ ITE Principal**-മാർ **ITE Login**-ൽ പ്രവേശിച്ച് **Revaluation Verification** നടത്തേണ്ടതാണ്. ഇതിനായി **ITE Login** ചെയ്യുമ്പോൾ **Post Exam Events** എന്ന **Menu** വിൽ **Revaluation Verification Menu** കാണാൻ സാധിക്കും. ഇതിൽ **Click** ചെയ്ത് **View** ചെയ്യാവുന്നതും **Verification Application** എന്ന **Button Click** ചെയ്ത് **Verify** ചെയ്യാവുന്നതുമാണ്. എല്ലാ അപേക്ഷകളും **DIET/ITE Principal**-മാർ **Verify** ചെയ്തു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. **Verify ചെയ്യാത്ത അപേക്ഷകൾ പുനർമൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നതല്ല. Revaluation** അപേക്ഷകൾ **D.El.Ed ITE Login**-ൽ കൂടിയാണ് **Verify** ചെയ്യേണ്ടത്.

നിശ്ചിത സമയത്തിനുള്ളിലും **Online** മുഖേനയല്ലാതെയുമുള്ള അപേക്ഷകൾ ഒന്നുംതന്നെ പരിഗണിക്കുന്നതല്ല. ആയതിനാൽ **23/05/2026 വൈകിട്ട് 5.00 മണിക്ക്** മുമ്പായി തന്നെ വെരിഫിക്കേഷൻ പൂർത്തിയാക്കി ഓൺലൈൻ വഴിയുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**<u>പ്രിൻസിപ്പൽമാർക്കുള്ള ചുമതലകൾ:</u>**

അപേക്ഷകരിൽ നിന്നും പുനർമൂല്യനിർണ്ണയം/സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ സ്വീകരിച്ച ഫീസ്, ഗ്രേഡ് മാറ്റം മൂലം തിരികെ നൽകിയ തുക മുതലായ വിവരങ്ങൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി അതാത് സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുനർമൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച് ഫീസ് തിരികെ നൽകേണ്ടതാണ്. 28/09/2012-ാം തീയതിയിലെ സർക്കാർ ഉത്തരവ് നം. 4611/2012/പൊ.വി.വ പ്രകാരം ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം/സ്ക്രൂട്ടിണി എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ നിന്നും പുനർമൂല്യനിർണ്ണയം നടത്തിയതനുസരിച്ച് ഗ്രേഡിൽ മാറ്റം വന്ന കേസുകൾക്കുള്ള തുക ബന്ധപ്പെട്ട പരീക്ഷാർത്ഥികൾക്ക് തിരിച്ചു നൽകിയതിനുശേഷം ബാക്കിയുള്ള തുക പ്രഥമാദ്ധ്യാപകർ **“0202-01-102-99-Other receipts”** എന്ന കണക്കു ശീർഷകത്തിൽ ചെലാൻ മുഖേന അടക്കേണ്ടതും, ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) റിവാല്യൂവേഷൻ റിസൽട്ട് പ്രസിദ്ധീകരിച്ച് അഞ്ച് ദിവസത്തിനകം ടി ഓഫീസിലെ **cgeasection@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു തരേണ്ടതാണ്. പുനർമൂല്യനിർണ്ണയം/സ്ക്രൂട്ടിണി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും റീവാല്യൂവേഷൻ റിസൽട്ട് പ്രസിദ്ധീകരിച്ച് അഞ്ച് ദിവസത്തിനുശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. പ്രസ്തുത തീയതിയ്ക്കകം തുക അടക്കുന്നതിൽ വീഴ്ചവരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ടവരുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതു മാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്കൂൾ വാർഷിക പരിശോധനയിൽ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. തങ്ങളുടെ പരീക്ഷാ സെന്ററിൽ നിന്നും പുനർമൂല്യ നിർണ്ണയം/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യ റിപ്പോർട്ടും മേൽ പറഞ്ഞ സമയപരിധിയ്ക്കുള്ളിൽ സ്ഥാപന പ്രിൻസിപ്പൽമാർ പരീക്ഷാഭവനിലേയ്ക്ക് അയക്കേണ്ടതാണ്.

സെക്രട്ടറി

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഡയറ്റ് പ്രിൻസിപ്പാൾമാർക്കും
4. എല്ലാ ഐ.റ്റി.ഇ പ്രിൻസിപ്പാൾമാർക്കും (ഡയറ്റ് പ്രിൻസിപ്പാൾമാർ മുഖേന)
5. സിസ്റ്റം മാനേജർ